# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1131 — 04.02.2019-ൽ മറുപടിക്ക്

**തിരുവമ്പാടി മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജോർജ് എം.തോമസ്** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കിഫ്ബിയിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തിരുവമ്പാടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത, കൈതപ്പൊയിൽ - കോടഞ്ചേരി - അഗസ്ത്യാർമൂഴി റോഡ് നിർമ്മാണം, അടിവാരം - കേളൻമൂല റോഡ് നിർമ്മാണം, തിരുവമ്പാടി - ആനക്കാംപൊയിൽ - മറിപ്പുഴ റോഡ് നിർമ്മാണം, മണാശ്ശേരി - ചുള്ളിക്കാപറമ്പ് - കവിലട റോഡ് നിർമ്മാണം, മലയോര ഹൈവേ - കോഴഞ്ചേരി മുതൽ കക്കാടംപൊയിൽ വരെ എന്നീ പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കുമോ;<br>(ബി) ഇവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും | ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയ്ക്ക് വേണ്ടി ഡി.പി.ആർ തയ്യാറാക്കുന്നതിന് കൊങ്കൺ റെയിൽവെ കോർപ്പറേഷനുമായുള്ള MOU തയ്യാറാക്കിവരുന്നു.<br>കൈതപ്പൊയിൽ - കോടഞ്ചേരി - അഗസ്ത്യാർമൂഴി റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.<br>അടിവാരം - കേളൻമൂല റോഡ് പ്രവൃത്തിക്കായുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു.<br>തിരുവമ്പാടി - ആനക്കാംപൊയിൽ - മറിപ്പുഴ റോഡ് പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.<br>മണാശ്ശേരി - ചുള്ളിക്കാപറമ്പ് - കാവിലട റോഡ് പ്രവൃത്തിയുടെ മണാശ്ശേരി മുതൽ തെയ്യത്തുംകടവ് വരെയും, കൊടിയത്തൂർ മുതൽ കാവിലട വരെയും ആവശ്യമായ സ്ഥലം ലഭ്യമായതിനാൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനും തെയ്യത്തുംകടവ് മുതൽ കൊടിയത്തൂർ വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ടതായുള്ളതിനാൽ പ്രസ്തുത ഭാഗം രണ്ടാം ഘട്ടമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>മലയോര ഹൈവേ നിർമ്മാണം - കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള പ്രവൃത്തിക്ക് 144 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ